No. PL 2/2024 28-10-2024

# സർക്കുലർ

## ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

പാറശാല ഭദ്രാസനം സ്ഥാപിതമായിട്ട് നാം ഏഴു വർഷങ്ങൾ പിന്നിട്ടു. അനന്തമായ ദൈവപരിപാലനയുടെ അനുഭവങ്ങളാണ് ഈ ഏഴു വർഷങ്ങൾ നമുക്ക് സമ്മാനിച്ചത്. വലിയ പരിമിതികളുടെ മധ്യേ നാം ആരംഭിച്ച ഭദ്രാസന ശുശ്രൂഷകൾ നമ്മെ അതിശയിപ്പിക്കുന്ന ദൈവീക സ്ഥലങ്ങൾ ഉളവാക്കുവാൻ ദൈവകരുണ കാരണമായി. നമ്മുടെ കുടുംബങ്ങളിലെ ദൈവ കൃപാനുഭവത്തിന്റെ വർദ്ധനവ്, നമ്മുടെ ഇടവകകളുടെ സഭാത്മക സമഗ്രത, ഭദ്രാസന ശുശ്രൂഷകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ക്രമീകരണം, ഇവയൊക്കെ ആയിരുന്നു, ഒരു പുതിയ ഭദ്രാസനം എന്ന നിലയിൽ നമ്മുടെ പ്രഥമ പരിഗണന. ഈ തലങ്ങളിലൊക്കെ ദൈവത്തിൻറെ സ്നേഹപരിപാലന നാം സമൃദ്ധമായി അനുഭവിച്ചു. നമ്മുടെ വിശ്വാസി സമൂഹത്തിന്റെയും സന്യസ്തരുടെയും വൈദികരുടെയും ആത്മാർത്ഥമായ സമർപ്പണവും ത്യാഗഭരിതമായ അധ്വാനവും ദൈവപരിപാലനയോട് സഹകരിച്ചപ്പോൾ നമ്മുടെ മധ്യേ ദൈവകൃപ സമൃദ്ധമാകുന്ന അനുഭവം നമുക്കുണ്ടായി. നാമനുഭവിക്കുന്ന ദൈവസ്നേഹത്തെ ഓർത്ത് ദൈവത്തെ നമുക്ക് നിരന്തരം മഹത്വപ്പെടുത്താം.

ഒരു ഭദ്രാസനം എന്ന നിലയിൽ നാം ഏറ്റെടുത്ത സവിശേഷമായ ഒരു ശുശ്രൂഷ ആയിരുന്നല്ലോ 94 ആം പുനരൈക്യ വാർഷികാഘോഷവും സഭാ സംഗമവും. ഇത്ര ബൃഹത്തായ ഒരു ആഗോള സഭാസംഗമത്തിന് ആതിഥ്യമരുളുവാൻ നമ്മുടെ ഭദ്രാസനം തിരഞ്ഞെടുക്കപ്പെട്ടു എന്നതുതന്നെ, ഒരു പുതിയ ഭദ്രാസനം എന്ന നിലയിൽ വളരെ കുറഞ്ഞ കാലയളവിനുള്ളിൽ നാം ആർജ്ജിച്ച സഭാത്മക പക്വതയുടെ തെളിവായിരുന്നു. 2024 സെപ്റ്റംബർ മാസം 20, 21 തീയതികളിൽ നമ്മുടെ വെങ്ങാനൂർ സ്കൂൾ പരിസരത്ത് വെച്ച് നടത്തപ്പെട്ട ആഘോഷങ്ങൾ ഏവർക്കും തികച്ചും അനുഗ്രഹീതമായ ഒരു അനുഭവമായി മാറി. പല കാരണങ്ങളാൽ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു ആഘോഷമായി അത് വിലയിരുത്തപ്പെട്ടു. സംബന്ധിച്ച വിശ്വാസികളുടെ ബാഹുല്യം, ക്രമീകരണങ്ങളുടെ കൃത്യത, ഭദ്രാസനത്തിലെ വിവിധ ശുശ്രൂഷാസംഘങ്ങളുടെ കൂട്ടായ പ്രവർത്തനം, സമയബന്ധിതമായ പരിപാടികൾ, ശുശ്രൂഷകളിലുടനീളം പുലർന്ന ആത്മീയ ചൈതന്യം, ശ്രദ്ധയോടുകൂടിയ സാമ്പത്തിക ക്രമീകരണം മുതലായവ ഈ സവിശേഷതകളിൽ ചിലതുമാത്രം.

നമ്മുടെ വിശ്വാസീസമൂഹത്തിന്റെയും, സന്യസ്തരുടെയും, വൈദികരുടെയും കലവറ ഇല്ലാത്ത സഹകരണവും ത്യാഗവും ഒരുമയോടുകൂടിയ പ്രവർത്തനവും ഈ ആഘോഷങ്ങളുടെ ചൈതന്യത്തിന് ഒരു പ്രധാന കാരണമായി. പ്രധാനമായും മൂന്നു തലങ്ങളിലായിരുന്നു നമ്മുടെ കുടുംബങ്ങളും ഇടവകകളും ഈ ശുശ്രൂഷകളോട് സഹകരിക്കുവാൻ നാം അഭ്യർത്ഥിച്ചിരുന്നത്; അതായത്, പ്രാർത്ഥനാസഹായം, സാമ്പത്തിക സഹായം, സജീവമായ സാന്നിധ്യം. ഈ മൂന്ന് കാര്യങ്ങളിലും നമ്മുടെ ദൈവജനത്തിന്റെ സഹകരണം സമാനതകളില്ലാത്തതായിരുന്നു. മാസങ്ങൾക്ക് മുമ്പേ നമ്മുടെ കുടുംബങ്ങളിലും പള്ളികളിലും സന്യാസഭവനങ്ങളിലും ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി നാം പ്രാർത്ഥന ആരംഭിച്ചു. തീർത്തും സാമ്പത്തിക പരിമിതി അനുഭവിക്കുന്ന

നമ്മുടെ കുടുംബങ്ങളിൽ നിന്നും ഏതാണ്ട് 35 ലക്ഷം രൂപ ഈ ആവശ്യത്തിനായി സംഭരിക്കുവാൻ നമുക്ക് സാധിച്ചു. ഏറ്റവും അധികം വിശ്വാസികൾ സംബന്ധിച്ച പുനരൈക്യ വാർഷിക സഭാസംഗമം എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ കൂടിവരവിൽ സംബന്ധിച്ചവരിൽ ഏതാണ്ട് 80 ശതമാനവും നമ്മുടെ ഭദ്രാസനാംഗങ്ങൾ തന്നെയായിരുന്നു എന്നതും ശ്രദ്ധേയമാണ്. നിങ്ങളെവരോടും ഭദ്രാസന അധ്യക്ഷൻ എന്ന നിലയിലുള്ള ആത്മാർത്ഥമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു. വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകിയ വൈദികർ, സന്യസ്തർ, അൽമായവിശ്വാസികൾ എന്നിവരോടും, പൊതു ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ഭദ്രാസന വികാരിജനറൽ അച്ചനോടും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയോടും മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ പ്രൊവിൻഷ്യൽ സുപ്പീരിയറിനോടുമുള്ള നന്ദി പ്രത്യേകമായി അറിയിക്കുന്നു.

വളരെ ചാരിതാർത്ഥ്യമുള്ള ഒരു കാര്യം, ഈ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് നാം ചെയ്യുവാൻ ആഗ്രഹിച്ച ജീവകാരുണ്യ ശുശ്രൂഷയാണ്. പല ഉദാരമതികളുടെ സംഭാവനയും ആഘോഷങ്ങളുടെ ക്രമീകരണത്തിൽ നാം പുലർത്തിയ സാമ്പത്തിക അച്ചടക്കവും ഒന്ന് ചേർന്നപ്പോൾ ഏതാണ്ട് 45 ലക്ഷം രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നമുക്ക് മിച്ചമായി ലഭിച്ചു. ഈ പണം നമ്മുടെ ഭദ്രാസനത്തിലെ നേഴ്സിങ് അഥവാ പാരാമെഡിക്കൽ വിദ്യാഭ്യാസം നടത്തുന്ന 45 വിദ്യാർഥികൾക്ക് തുല്യമായി നൽകുവാനാണ് നാം ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട ജില്ലാവികാരിമാരുടെ സഹായത്തോടെ ഈ പണം അർഹരായവർക്ക് വിതരണം ചെയ്യുവാനുള്ള ക്രമീകരണങ്ങൾ നടക്കുകയാണ്. സംഭാവനകൾ നൽകിയ എല്ലാവരെയും നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

താമസിയാതെ നാം നമ്മുടെ കർത്താവിൻറെ ജനനപെരുനാൾ ആഘോഷത്തിന്റെ ആധ്യാത്മികഒരുക്കത്തിനുള്ള 25 നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. തീവ്രമായ പ്രാർത്ഥന, ആത്മനിയന്ത്രണം, പ്രത്യേകമായ ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവയുടെ അനുഷ്ഠാനത്തിലൂടെ കൂടുതൽ വിശുദ്ധമായ അന്തരികത ഉൾക്കൊണ്ടുകൊണ്ട് കർത്താവിൻറെ ജനന പെരുനാൾ ആഘോഷിക്കുവാൻ നമുക്ക് സന്നദ്ധരാകാം .

കാരുണ്യവാനായ ദൈവം നാമേവരെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ കൂട്ടായ്മകളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും, വിശിഷ്യാ നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയായ കൽക്കട്ടായിലെ വിശുദ്ധ തെരേസായുടെയും സാന്നിധ്യവും സംരക്ഷണവും നമുക്ക് ബലമായിരിക്കട്ടെ.
സസ്നേഹം,




+ തോമസ് മാർ യൗസേബിയോസ്
പാറശ്ശാല രൂപതാധ്യക്ഷൻ

---------------------------------------------

ഈ സർക്കുലർ 2024 നവംബർ മാസം മൂന്നാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.